**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **29-07-2021 - ൽ മറുപടിയ്ക്ക്**

**വീടുകളിൽ സൗരോർജ്ജ പാനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ പി .** | | **Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് കൊണ്ട് അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി ബോർഡിനു തന്നെ തിരിച്ചു നൽകാൻ കഴിയുന്ന പദ്ധതി നിലവിലുണ്ടോ; | (എ) | നിലവിലുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകുന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ. - ന്റെ വെബ്സൈറ്റ് മുഖേനയാണ് സ്വീകരിച്ചിരുന്നത്. ഇതുവരെ ഇതിൽ 21167 അപേക്ഷകൾ ലഭിച്ചു. എന്നാൽ കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഇനി മുതൽ ഏക ജാലക സംവിധാനമായ E-Kiran Portal മുഖേനയാണ് അപേക്ഷകൾ നൽകേണ്ടത്. നിലവിലുള്ള Portal -ൽ നിന്ന് E-Kiran Portal-ലേക്കുള്ള data migration പൂർത്തിയാകുന്ന മുറയ്ക്ക് E-Kiran വഴി അപേക്ഷകൾ നൽകാവുന്നതാണ്. |
| (സി) | ഈ പദ്ധതിയ്ക്ക് സർക്കാർ സബ്സിഡി നൽകി വരുന്നുണ്ടോ; അറിയിക്കാമോ? | (സി) | ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകി വരുന്നുണ്ട്. സബ്സിഡി പദ്ധതിയിലോ അല്ലാതെയോ ഉപഭോക്താക്കൾ സ്ഥാപിക്കുന്ന നിലയങ്ങളിൽ നിന്നുമുള്ള മിച്ച വൈദ്യുതി കെ.എസ്.ഇ.ബി.എൽ - ന് നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ